മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) മുഖ്യമന്ത്രി, വിദ്യാഭ്യാസവകുപ്പുമന്ത്രി, റവന്യൂവകുപ്പു മന്ത്രി, വ്യവസായവകുപ്പുമന്ത്രി, ഭക്ഷ്യവകുപ്പുമന്ത്രി, വനംവകുപ്പു മന്ത്രി, ആഭ്യന്തരവകുപ്പുമന്ത്രി, ധനകാര്യവകുപ്പുമന്ത്രി, പൊതു മരാമത്ത്വകുപ്പു മന്ത്രി, ഹരിജനക്ഷേമവകുപ്പുമന്ത്രി, തൊഴിൽവകുപ്പു മന്ത്രി, തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി, ഗതാഗതവകുപ്പുമന്ത്രി, പൊതുജനാരോഗ്യവകുപ്പുമന്ത്രി, കൃഷിവകുപ്പുമന്ത്രി കാര്യാലയങ്ങളോടനുബന്ധിച്ച് കൺസൾട്ടേറ്റീവ് കമ്മിറ്റികൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) വകുപ്പുമന്ത്രിമാർക്ക് ബന്ധപ്പെട്ട കൺസൾട്ടേറ്റീവ് കമ്മിറ്റി യുടെ സമ്മേളനം ആവശ്യമാണെന്ന് കണ്ടാൽ കമ്മിറ്റി വിളിച്ചുകൂട്ടാവുന്ന താണ്. അതിന് പ്രത്യേക നിർദ്ദേശം ആവശ്യമില്ല.

സംസ്ഥാന അവാർഡിന് അർഹരായ അദ്ധ്യാപകർ

* 134 [144] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അവാർഡ് നല്കുന്നതിന് അദ്ധ്യാപകരെ തിര ഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്;

(ബി) ഈ വർഷം എത്ര അദ്ധ്യാപകരെയാണ് പ്രസ്തുത അവാർ ഡിന് തെരഞ്ഞെടുത്തത്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) 20 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം, സമൂഹ ത്തിൽ അദ്ധ്യാപകന്റെ മാന്യത, വിദ്യാഭ്യാസനൈപുണ്യം, അതിനെ പരി പോഷിപ്പിക്കാനുള്ള താല്പര്യം, കുട്ടികളോടുള്ള സ്നേഹം, അവരുടെ ക്ഷേമപ്രവർത്തനങ്ങളിൽ താല്പര്യം, സാമൂഹ്യപ്രവർത്തനങ്ങളിൽ അദ്ധ്യാ പകന്റെ പങ്ക് എന്നിവയാണ് അവാർഡിന്റെ മാനദണ്ഡം.

(ബി) 11 സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരെയും 11 പ്രൈമറി സ്കൂൾ അദ്ധ്യാപകരെയും.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫയർസ്റ്റേഷനുകൾ

* 135 [145] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും ഫയർസ്റ്റേഷൻ ഇപ്പോൾ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫയർ സ്റ്റേഷനുകൾ ഏതൊക്കെയാണ്;

(സി) ഇന്ന് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫയർ സ്റ്റേഷനുകൾ ഏതിനെങ്കിലും വേണ്ടി പുതിയ കെട്ടിടം പണിയു വാൻ സ്ഥലം സമ്പാദിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ഡി) അങ്ങനെ സ്ഥലം സമ്പാദിച്ചുകഴിഞ്ഞിട്ടുള്ള ഫയർ സ്റ്റേഷ നുകൾക്ക് എത്രയും വേഗം കെട്ടിടം പണിയുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly